# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 456

27.02.2018-ൽ മറുപടിയ്ക്ക്

### എരഞ്ഞോളി പഞ്ചായത്തിലെ കിൻഫ്രാ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്രാ ചെറുകിട വ്യവസായ പാർക്കിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തലശ്ശേരി കിൻഫ്ര പാർക്കിൽ നിർമ്മാണം പൂർത്തിയായ പുതിയ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നടത്തി അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ സുഗന്ധ വ്യഞ്ജനങ്ങളുടെ മൂല്യ വർദ്ധന ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലുള്ള ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ഏറെ പ്രയോജനം ലഭിക്കുന്ന പൊതു അടിസ്ഥാന കേന്ദ്രം സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കൂടാതെ അമ്മയും കുഞ്ഞും പദ്ധതിക്കായി ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് 3.71 ഏക്കർ ഭൂമി കിൻഫ്ര അലോട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ